**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3415** **01-03-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബോട്ടുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ബോട്ടുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (എ) | 1. ഇൻലാന്റ് വെസ്സൽ ആക്ട് പ്രകാരം ഏതൊരു ബോട്ടും നിർമ്മിച്ച് രജിസ്റ്റർ ചെയ്യുന്നതിന് അംഗീകൃത കൺസൾട്ടന്റ്സ് തയ്യാറാക്കി നൽകിയ ഡ്രോയിങ്ങ്സ്, പ്രിലിമിനറി സ്റ്റെബിലിറ്റി, നിശ്ചിത ഫീസ് എന്നിവ സഹിതം ബന്ധപ്പെട്ട പോർട്ട് ഓഫ് രജിസ്ട്രിയിൽ അപേക്ഷ സമർപ്പിക്കണം.<br><br>2. മേൽ പറഞ്ഞ രേഖകൾ ചീഫ് സർവ്വേയർ പരിശോധിച്ച ശേഷം അംഗീകരിക്കാവുന്നതാണെങ്കിൽ കെ.ഐ.വി അംഗീകാരമുള്ള യാർഡിൽ ബോട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതും നീറ്റിലിറങ്ങുന്ന മുറയ്ക്ക് നിയമാനുസൃത ഫീസും അപേക്ഷയോടൊപ്പം അനുബന്ധ രേഖകളും പരിശോധിച്ച് ചീഫ് സർവ്വേയർ പ്രാഥമിക സർവ്വേ സർട്ടിഫിക്കറ്റ് നൽകുന്നു.<br><br>3. പ്രാഥമിക സർവ്വേ സർട്ടിഫിക്കറ്റും ഇൻഷുറൻസും പൊല്യൂഷൻ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം നിർദ്ദിഷ്ട ഫീസും സമർപ്പിക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നൽകുന്നു. |
| (ബി) | നിയമാനുസൃത ലൈസൻസ് പുതുക്കുന്നതിന് മുൻപ് വാർഷിക പരിശോധന നടത്താറുണ്ടോ; എങ്കിൽ ആരാണ് പരിശോധന നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | രജിസ്ട്രേഷൻ കാലാവധി അഞ്ചുവർഷമാണ്. എന്നാൽ എല്ലാ വർഷവും കേരള മാരിടൈം ബോർഡ് സർവ്വേയർ വാർഷിക പരിശോധന നടത്തിയാണ് സർവ്വേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. |
| (സി) | ഇപ്രകാരമുള്ള വാർഷിക പരിശോധനയുടെ അടിസ്ഥാനത്തിൽ 2017 മുതൽ നാളിതുവരെ ലൈസൻസ് റദ്ദാക്കിയ ജലയാനങ്ങളുടെ വിശദാംശം ജില്ല തിരിച്ച് വിശദമാക്കുമോ? | (സി) | ഐ.വി നിയമപ്രകാരം ഓരോ വെസ്സലുകൾക്കും സാധുതയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സർവ്വെ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യമാണ്. അതിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സർവ്വെ സർട്ടിഫിക്കറ്റ് എന്നിവയാണ് കേരള മാരിടൈം ബോർഡ് നല്കിവരുന്നത്. രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റിന്റെ കാലാവധി 5 വർഷവും സർവ്വെ സർട്ടിഫിക്കറ്റിന്റെ കാലാവധി ഒരു വർഷവുമാണ്. ആയതിനാൽ തന്നെ വാർഷിക സർവ്വെ നടത്തുന്ന സമയത്ത് ഏതെങ്കിലും തരത്തിലുള്ള ന്യൂനതകൾ സർവ്വെയർ ചൂണ്ടി കാണിക്കുന്ന പക്ഷം സർവ്വെ സർട്ടിഫിക്കറ്റ് നല്കുകയില്ല. എന്നാൽ ആയത് തിരുത്തി വെസ്സൽ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് സർവ്വെ സർട്ടിഫിക്കറ്റ് പുതുക്കി നല്കുകയാണ് ചെയ്തുവരുന്നത്. വാർഷിക സർവ്വെയുടെ അടിസ്ഥാനത്തിൽ 5 വർഷ കാലാവധിയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ